ലുള്ള നിയമങ്ങൾക്കും സുരക്ഷിതത്വ നടപടികൾക്കും വിധേയമായിട്ടായിരിക്കണം നടത്തേണ്ടത്.

(കെ) മലങ്കര ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പവ്വർഹൗസ്, സ്വിച്ച്യാഡ് എന്നിവയുടെ നിർമ്മാണവും പെൻസ്റ്റാക്ക് പൈപ്പുകളുടെ സ്ഥാപിക്കലും മറ്റ് അനുബന്ധ പണികൾക്കും വേണ്ടിയുള്ള ടെൻഡർ, ടെൻഡർ നമ്പർ (ഇബിസി/1/99 ആയി 30/1/99-ൽ പ്രസിദ്ധീകരിച്ചു. വെസ്റ്റ്കോസ്റ്റ് കോൺക്രീറ്റ് പ്രോഡക്ട്സ് അങ്കമാലി എന്ന കമ്പനിയ്ക്ക് 5,46,51,619.83 രൂപ അടങ്കൽ തുകയായിട്ട് 1/10/99-ൽ മേല്പടി ജോലികൾ ഏൽപ്പിക്കുകയുണ്ടായി. കരാറനുസരിച്ച് 30/10/2001-ൽ പണികൾ പൂർത്തീകരിക്കേണ്ടതാണ്.

100 (1009) വൈദ്യുതി ബോർഡിൽ ജീവനക്കാരുടെ കുറവ്

ശ്രീ. എം.കെ. മുനീർ :

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ ഉപഭോക്താക്കളുടെ വർദ്ധനവനുസരിച്ച് ജീവനക്കാർ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇപ്പോൾ സംസ്ഥാന വൈദ്യുതി ബോർഡിൽ ഓരോ കാറ്റഗറിയിലും എത്ര വീതം ജീവനക്കാർ ഉണ്ട്. വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഗാർഹിക, വ്യവസായ, കൃഷി, വാണിജ്യ ഉപഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ:

ഉത്തരം

(എ&ബി)ഉണ്ട്. എന്നാൽ ഉപഭോക്താക്കളുടെ വർദ്ധനവിന് ആനുപാതികമായി ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ വ്യവസ്ഥയില്ല. എന്നാലും അത്യാവശ്യ തസ്തികകളിലേക്ക് നിയമനം നടത്തുന്നുണ്ട്.

(സി) 31-12-1998-ലെ സ്ഥിതിവിവര പ്രകാരമുള്ള കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.

(ഡി) അനുബന്ധമായി വച്ചിട്ടുണ്ട്.†

101 (1010) വൈദ്യുതി ചാർജ്ജ്

ശ്രീ.പി.ജെ.ജോസഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്ത് വൈദ്യുതി ചാർജ്ജ് യൂണിറ്റിന് എത്ര രൂപയായിരുന്നു;

(ബി) ഇപ്പോൾ നിലവിലുള്ള വൈദ്യുതി ചാർജ്ജ് എത്രയാണ്?

ഉത്തരം

(എ) ഓരോ വിഭാഗത്തിനും വ്യത്യസ്തമായ നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. 1-10-94 മുതൽ നടപ്പാക്കിയ താരിഫ് നിരക്ക് അനുബന്ധം-I ആയി കൊടുത്തിരിക്കുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly